## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1079** **20/01/2014-ൽ മറുപടിക്ക്**

**<u>പ്രഖ്യാപിത പൊതു അവധി ദിവസം പ്രവർത്തിക്കുന്ന സ്കൂളുകൾക്കെതിരെ നടപടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് സ്കൂളുകൾക്കും മറ്റ് പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അടിയന്തിര സാഹചര്യങ്ങളിൽ പൊതു അവധി പ്രഖ്യാപിക്കാൻ, അധികാരപ്പെട്ടവർ ആരെല്ലാം; | (എ) | സർക്കാർ/എയ്ഡഡ് സ്കൂളുകൾക്കു അടിയന്തിര സാഹചര്യങ്ങളിൽ പൊതു അവധി പ്രഖ്യാപിക്കുവാൻ സംസ്ഥാന ഗവൺമെന്റ്, ജില്ലാകളക്ടർ, പൊതു വിദ്യാഭ്യാസ ഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ആഫീസർ തുടങ്ങിയവർക്ക് അധികാരമുണ്ട്. പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അടിയന്തിര സാഹചര്യത്തിൽ അവധി പ്രഖ്യാപിക്കുവാൻ സംസ്ഥാന ഗവൺമെന്റ്, ജില്ലാകളക്ടർ, അതതു ഡയറക്ടർമാർ എന്നിവർക്ക് അധികാരമുണ്ട്. |
| (ബി) | ഇത്തരത്തിൽ അധികാരപ്പെട്ടവർ അവധി പ്രഖ്യാപിച്ചുകഴിഞ്ഞാൽ അതു പാലിക്കാതെ ക്ലാസ്സ് നടത്തുന്ന എയ്ഡഡ്/അൺ എയ്ഡഡ് സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ; | (ബി) | അവധി പ്രഖ്യാപിച്ചുകഴിഞ്ഞ ശേഷം ക്ലാസ്സ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എങ്കിൽ തലസ്ഥാന ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രഖ്യാപിക്കപ്പെട്ട ഇത്തരത്തിലുള്ള പൊതു അവധികൾ നിരാകരിച്ച സംഭവങ്ങളിൽ എത്ര സ്കൂളുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; | (സി) | ബാധകമല്ല. |

| | | | |
|---|---|---|---|
| (ഡി) | സ്കൂൾ അധികൃതരിൽ നിന്നും കുട്ടികൾക്ക് ഭീഷണിയുണ്ടാകുന്ന ഭയത്താൽ പരാതി നൽകാൻ രക്ഷകർത്താക്കൾ വിമുഖരാണെന്നതിനാൽ സംഭവം ശ്രദ്ധയിൽപ്പെട്ടില്ലെന്ന ഭാവത്തിൽ നടപടി സ്വീകരിക്കാതിരിക്കുന്ന അവസ്ഥ ഒഴിവാക്കുമോ; വ്യക്തമാക്കാമോ? | (ഡി) | വ്യക്തമായ പരാതി ലഭിച്ചാൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

Sreedevi

**സെക്ഷൻ ഓഫീസർ**